168 (3184) ഹെഡ്മാസ്റ്ററെ നിയമിക്കാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ അയിരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കുറെമാസമായി ഹെഡ്മാസ്റ്ററെ നിയമിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വിദ്യാർത്ഥികൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു എന്നുള്ള കാര്യം അറിയുമോ;

(സി) അയിരൂർ ഗവൺമെന്റ് ഹൈസ്കൂളിലേയ്ക്ക് ഹെഡ്മാസ്റ്ററെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി) അയിരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററെ നിയമിച്ചുകൊണ്ട് 6.7.1999-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

169 (3185) യോഗ്യതയുള്ള നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ്സിനും എച്ച്.എസ്.എ. പ്രൊമോഷൻ നൽകാൻ നടപടി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മാർച്ച് 28-ന് തൃപ്പൂണിത്തുറ ഗവ. മോഡൽ നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ്സായി ചാർജ്ജെടുത്ത കെ. കുമാരിക്ക് നഴ്സറി സ്കൂൾ എച്ച്.എം.ന്റെ സ്കെയിലോ മറ്റാനുകൂല്യങ്ങളോ അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) യോഗ്യതയുള്ള എൽ.പി./യു.പി. അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള എച്ച്.എസ്.എ. പ്രൊമോഷൻ ബി.എസ്.സി., ബി.എഡ്. പാസ്സായ കുമാരിക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഗ്രാഡ്വേറ്റ് നഴ്സറി സ്കൂൾ അദ്ധ്യാപകർക്ക് പ്രായപരിധി ബാധകമല്ലെന്ന് ജി.ഒ.(എം.എസ്.) 466/70/പൊ.വി. 11.11.1970 ഉത്തരവ് പ്രകാരം എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്, എറണാകുളം ജില്ല) ടെസ്റ്റ് എഴുതിയ ഇവർക്ക് പ്രത്യേക പരിഗണന കിട്ടാൻ അർഹതയുണ്ടോ?

ഉത്തരം

(എ) നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ്സിന് നിലവിലുള്ള ഗവ. ഉത്തരവ് അനുസരിച്ച് പ്രൈമറി ടീച്ചറുടെ ശമ്പള സ്കെയിലിന് മാത്രമെ അർഹതയുള്ളൂ. ഇവർക്ക് എച്ച്.എം.ന്റെ സ്കെയിൽ ഇതുവരെ ബാധകമാക്കിയിട്ടില്ല.

(ബി) പ്രൈമറി സ്കൂൾ അദ്ധ്യാപകർ ഗ്രാഡ്വേറ്റ് ബി.എഡ്. ഡിഗ്രി ആർജ്ജിച്ചാൽ സാധാരണഗതിയിൽ എച്ച്.എസ്.എ. പ്രൊമോഷന് അർഹത

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കും. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് എച്ച്.എസ്.എ. ആയി പ്രൊമോട്ട് ചെയ്യുക. പി.ഡി. ടീച്ചറെ എച്ച്.എസ്.എ. ആയി പ്രൊമോട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറാണ്. ഈ അദ്ധ്യാപിക യിൽനിന്നും അപേക്ഷ വാങ്ങി അർഹത പരിശോധിച്ച് പ്രൊമോഷൻ നൽകു ന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(സി) ശ്രീമതി കുമാരി ഫിസിക്കൽ സയൻസ് ടീച്ചറുടെ ടെസ്റ്റ് 6.3.99-ന് എഴുതിയിട്ടുണ്ട്. ഫിസിക്കൽ സയൻസ് തസ്തികയ്ക്ക്വേണ്ടി നട ത്തിയ ടെസ്റ്റിൽ അദ്ധ്യാപകരല്ലാതെ മറ്റ് ഉദ്യോഗാർത്ഥികളോടൊപ്പമാണ് മേൽ സൂചിപ്പിച്ച അദ്ധ്യാപിക ടെസ്റ്റ് എഴുതിയത്. പി.എസ്.സി.യുടെ മാനദണ്ഡമനു സരിച്ച് അർഹതയുണ്ടെങ്കിൽ ഇവർക്ക് എച്ച്.എസ്.എ. ആയി നിയമനം ലഭി ക്കുന്നതാണ്.

170 (3186) അയിരൂർ കാഞ്ഞീറ്റുകര ശ്രീ ശാരദാവിലാസം ഗവൺമെന്റ് എൽ.പി. സ്കൂൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ അയിരൂർ കാഞ്ഞീറ്റുകര ശ്രീ. ശാരദാവിലാസം ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഹെഡ്മിസ്ട്രസ് മാത്ര മാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിലെ ഒഴിവുള്ള അദ്ധ്യാപകരുടെ തസ്തികക ളിലേയ്ക്ക് നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചി ട്ടുണ്ട്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് ഉടൻ നിയമനം നടത്തുന്നതാണ്.

171 (3187) ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഫലം തടഞ്ഞുവച്ച നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിലെ 16 വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പരീക്ഷാഫലം ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ തടഞ്ഞുവച്ചത് സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതിന് കാരണമാകുന്ന ഏതെ ങ്കിലും റിപ്പോർട്ട് പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly